(ബി) സമർപ്പിച്ചിട്ടില്ല. ടി കാര്യം കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റി നിർദ്ദേശപ്രകാരം അതാത് വകുപ്പ് തലവൻമാർ ഇങ്ങനെയുള്ള ക്ലാസിഫിക്കേഷൻ ഫോർമുല സഹകരണ രജിസ്ട്രാർക്ക് നൽകുകയും രജിസ്ട്രാർ അത് സഹകരണ യൂണിയനുമായി ആലോചിച്ച് കമ്മിറ്റിക്ക് നൽകുന്നതുമാണ്.

(സി) 80-ാം വകുപ്പും അതിന്റെ കീഴിലുള്ള ചട്ടങ്ങളും ഇപ്പോഴും തന്നെ അത്തരം സംഘങ്ങൾക്ക് ബാധകമാണ്. എന്നാൽ വകുപ്പ് 80-ന്റെ (1)-ാം ഉപവകുപ്പിലും 182-ാം ചട്ടത്തിലും പറയുന്നതുപോലെ അത്തരം സംഘങ്ങളെ തരം തിരിക്കുകയോ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുകയോ ശമ്പളസ്കെയിൽ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് ചെയ്യേണ്ടതാണ്.

വയനാട് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിനുള്ള പദ്ധതി

991 [1189] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടുകൂടി സഹകരണ മേഖലയിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. അവിശ്വാസപ്രമേയം

മി. സ്പീക്കർ: ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നതായ പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദത്തിന് ശ്രീ. ഇ. കെ. നായനാർ നോട്ടീസ് നൽകിയിട്ടുണ്ട്. ആ നോട്ടീസ് ഇപ്രകാരമാണ്:

"കേന്ദ്രഗവൺമെൻറ് അനഭിമതരായി പ്രഖ്യാപിച്ച കുവൈറ്റി കൾക്ക് സംസ്ഥാനത്തുടനീളം രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്താൻ ഒത്താശ ചെയ്തുകൊടുത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും 'പഞ്ചാബ് മോഡൽ' പ്രസംഗം ചെയ്തതിന് രാജ്യദ്രോഹത്തിന്റെ പേരിൽ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അധികാരത്തിൽ തുടരുന്നതിനാലും; പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിലൂടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അടിയറവയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടിക്കെതിരെ കോളേജ് അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും; യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാർത്ഥികളും നടത്തിയ സമരത്തിൽ പങ്കെടുത്തവർക്കെതിരായി

LIBRARY ARCHIVES Kerala Legislative Assembly

പ്രതികാര നടപടികൾ തുടരുകയും, സർക്കാർ നൽകിയ ഉറപ്പ് ലംഘിക്കുകയും ചെയ്തിരിക്കുന്നതിനാലും, അഴിമതി വ്യാപകമാക്കുകയും, ക്രമസമാധാന നില തകർക്കുകയും ചെയ്ത മന്ത്രിസഭ അധികാരത്തിൽ തുടരുന്നത് സംസ്ഥാന ജനതയ്ക്ക് ആപത്കരമായതിനാലും, മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു'' എന്നാണ്.

ബഹുമാനപ്പെട്ട അംഗത്തിന് പ്രമേയം അവതരിപ്പിക്കാനുള്ള സഭയുടെ അനുമതി ആവശ്യപ്പെടുകയാണ്.

(ഇതിനോട് അനുകൂലിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽ എഴുന്നേറ്റു നിന്നു.)

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ മുഴുവൻ അനുകൂലിക്കുന്നതിനാൽ ഈ പ്രമേയത്തിന് അവതരണാനുമതി നൽകിയിരിക്കുന്നു.

ഇത് ചർച്ചക്കെടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് എന്താണ് പറയാനുള്ളത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ:) സർ, ഫൈനാൻസ് ബിസിനസ്സിനെക്കുറിച്ചുള്ള ചർച്ച അവസാനിച്ചയുടനെത്തന്നെ ഈ പ്രമേയം ചർച്ചക്കെടുക്കാവുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ: സർ, ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ റൂൾ 63 പ്രകാരം ഇവിടെ ഒരു സബ്സ്റ്റാൻറീവ് മോഷൻ മൂവ് ചെയ്യാനുള്ള അനുമതി തന്നിരിക്കുകയാണ്. ഇനി ആ മോഷനെക്കുറിച്ച് എന്തെങ്കിലും തീരുമാനം എടുത്തതിനുശേഷം മാത്രമേ മറ്റൊരു സബ്സ്റ്റാൻറീവ് മോഷൻ ഇവിടെ അവതരിപ്പിക്കാൻ പാടുള്ളൂ എന്ന് ശക്ധർ ആൻറ് കൗളിന്റെ Practice and procedure of Parliament എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. അതിൽ പറയുന്നത്, ''When leave of the house to the moving of a motion has been granted, no substantive motion on policy matters is to be brought before the House by the Government till the motion of no-confidence has been disposed of.'' എന്നാണ്. ഗവൺമെൻറ് മൂവ് ചെയ്യാൻ പോകുന്നത് മറ്റൊരു സബ്സ്റ്റാൻറീവ് മോഷനാണ്. അതായത്, ഫൈനാൻസിനെ സംബന്ധിച്ചുള്ള ഒരു മോഷനാണ് മൂവ് ചെയ്യാൻ പോകുന്നത്. ഇതൊരു സബ്സ്റ്റാൻറീവ് മോഷനാണെന്ന് പറയാൻ കാരണം, ഒരു ഉറപ്പിക കുറയ്ക്കണമെന്ന് പ്രതിപക്ഷത്തുനിന്ന് സമർപ്പിക്കുന്നതൊരു മോഷനാണ്. ഇത്തരത്തിലുള്ള മോഷൻ അവതരിപ്പിച്ചിട്ടാണ് പ്രതിപക്ഷം ചർച്ചയിൽ പങ്കെടുക്കുന്നത്. ഇത്തരത്തിലുള്ള എന്റെ മോഷൻ ചർച്ച ചെയ്ത് തീരുമാനമെടുത്തതിനുശേഷം, മാത്രമേ മറ്റൊരു കാര്യം ചർച്ചക്കെടുക്കാൻ പാടുള്ളൂ. എന്നാൽ എനിക്ക് അനുവാദം തന്നിരിക്കുന്നതുകൊണ്ട് ഇത് നിറുത്തിവയ്ക്കണമെന്നു പറയുന്നത് നമ്മുടെ നടപടിക്രമങ്ങൾക്ക് എതിരാണ്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ. എ. ഹസ്സൻ: സർ, റൂൾ 63 (2)-ൽ പറയുന്നത് If the Speaker is of opinion that the motion is in order, he shall read the motion to the Assembly and shall request those members who are in favour of leave being granted to rise in their places, and if not less than twenty members rise accordingly, the Speaker shall declare

LIBRARY ARCHIVES Kerala Legislative Assembly

that leave is granted, and that the motion will be taken on such day, not being more than ten days from the date on which the leave is asked for, as he may appoint എന്നാണ്. ഇതനുസരിച്ച് പത്തു ദിവസത്തിനകം എന്ന് വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്. റൂംസ് ഓഫ് പ്രൊസീഡുവർ അനുസരിച്ച് അവിശ്വാസ പ്രമേയം പത്തു ദിവസത്തിനകം ചർച്ചയ്ക്കെടുത്താൽ മതിയെന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ശക്തമായ ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. റൂംസ് ഓഫ് പ്രൊസീഡുവറിൽ ഇത് വളരെ വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ട്. ഇതിന് ശക്തമായ ആരോപണങ്ങളിനെ ആശ്രയിക്കേണ്ട കാര്യമില്ല. ഇതുവരെയുള്ള നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളുമനുസരിച്ച് അവ്യക്തമായിട്ടുള്ള കാര്യങ്ങൾക്കാണ് ശക്തമായ ആരോപണങ്ങളിനെ നമ്മൾ ആശ്രയിക്കാറുള്ളത്. ഇവിടെ റൂം വ്യക്തമായിരിക്കെ ശക്തമായ ആരോപണങ്ങളിനെ ആശ്രയിക്കേണ്ട ആവശ്യമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇവിടെ റൂം മാത്രമല്ല, കീഴ്വഴക്കങ്ങളും വളരെ പ്രധാനമാണ്. ഈ സഭയിൽതന്നെ കഴിഞ്ഞ രണ്ട് അവിശ്വാസപ്രമേയങ്ങളും അവതരണാനുമതി നേടിക്കഴിഞ്ഞ ഉടനെതന്നെ അവതരിപ്പിച്ച് അതിന്റെ ചർച്ച നടത്തി തീരുമാനം എടുത്തതിനു ശേഷം മാത്രമേ മറ്റു കാര്യങ്ങൾ നടത്തിയിട്ടുള്ളൂ. കേരള നിയമസഭയുടെ അനുഭവത്തിൽ ഇതിനുമുമ്പ് ഡിമാന്റ് ചർച്ചയ്ക്കിടയിൽ ഒരു അവിശ്വാസപ്രമേയം ചർച്ച ചെയ്യാതെ മാറ്റി വച്ചിട്ടില്ല. അപൂർവ്വം ചില സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഇവിടെ കോടിക്കണക്കിന് രൂപയുടെ ധനാഭ്യർത്ഥനകളാണ് അവതരിപ്പിക്കാൻ പോകുന്നത്. ഈ ഗവൺമെന്റിൽ വിശ്വാസം ഉണ്ടോയെന്ന് തീരുമാനിക്കുന്നതിനുമുമ്പ് ഗവൺമെന്റിന് ചെലവു ചെയ്യാനുള്ള അനുവാദം കൊടുക്കുന്നതെങ്ങിനെയാണ്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട ഹസ്സൻ ഇവിടെ പറഞ്ഞതിൽ ഒരു പ്രത്യേകതയുണ്ട്. റൂം 63(2)-ൽ പറയുന്നത്. "the Speaker shall declare that leave is granted and that the motion will be taken on such day, not being more than ten days from the date on which the leave is asked for" എന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത് മോഷൻ ഉണ്ടെന്നാണ്. ഇവിടെ മോഷനില്ല. He has been granted only leave to move it. ഇവിടെ മോഷൻ മൂവ് ചെയ്യാനുള്ള അനുമതി കൊടുത്തു എന്നാണ്. മോഷൻമൂവ് ചെയ്യുന്നത് ലിസ്റ്റ് ഓഫ് ബിസിനസിലെ അജണ്ട നോക്കിയതിനുശേഷം പത്തു ദിവസത്തിൽ കവിയാത്ത ഒരു ദിവസം ബഹുമാനപ്പെട്ട ലീഡർ ഓഫ് ദി ഹൗസുമായി ആലോചിച്ചതിനുശേഷം മാത്രമാണ്. ഇവിടെ ഇപ്പോൾ കൊടുത്തത് അനുവാദമാണ്. അദ്ദേഹമിവിടെ ഫൈനാൻസ് ബിസിനസിനെക്കുറിച്ച് പറഞ്ഞു. ഫൈനാൻഷ്യൽ ബസിനസിനെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തമായ റൂം ഉള്ളതുകൊണ്ട് മറ്റു കീഴ്വഴക്കങ്ങളൊന്നും നോക്കേണ്ട കാര്യമില്ല. ഇവിടെ ഫൈനാൻഷ്യൽ ബിസിനസ്സ് നടത്തുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കുന്നത് ഒരു കോൺഫിഡൻസ് മോഷനാണ്. എന്നാൽ ഒരു കട്ട് മോഷനെന്നു പറയുന്നത് നോ കോൺഫിഡൻസ് മോഷനാണ്. ഒരു കട്ട് മോഷൻ പാസ്സായാൽ പിന്നെ ആ ഗവൺമെന്റ് ഇരിക്കില്ല. ഇവിടെ ഓരോ ദിവസവും കോൺഫിഡൻസ് മോഷനും നോ കോൺഫിഡൻസ് മോഷനും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ഈ

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടത്തിൽ മറ്റൊരു മോഷൻ ഇല്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ലീഡർ ഓഫ് ദി ഹൗസുമായി ഇതിനെക്കുറിച്ച് ആലോചിച്ച് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഈ സഭയിൽ തന്നെ 1969-ൽ അച്യുതമേനോൻ ഗവൺമെന്റിനു രണ്ടുപേരുടെ പിന്തുണ നഷ്ടപ്പെട്ടതായി പത്രത്തിൽ വാർത്ത വന്നു. ആ വാർത്ത വന്ന ദിവസമാണ് ബഡ്ജറ്റ് അവതരിപ്പിക്കേണ്ടിയിരുന്നത്. അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. അച്യുതമേനോൻ എഴുന്നേറ്റുനിന്ന് പറഞ്ഞത് ഞാൻ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നില്ല, ഞാനൊരു വിശ്വാസവോട്ട് അവതരിപ്പിക്കുന്നു എന്നാണ്. ഈ സഭയിൽ റൂൾസിനോടൊപ്പംതന്നെ വളരെ പ്രധാനമാണ് കീഴ്വഴക്കങ്ങളും. ആ കീഴ്വഴക്കങ്ങളനുസരിച്ചാണ് പിന്നീട് നിയമമായി മാറി വരുന്നത്. കീഴ്വഴക്കങ്ങളനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ചർച്ചയ്ക്ക് സമ്മതിക്കേണ്ടതാണ്. അതാണ് ഈ സഭയുടെ പാരമ്പര്യവും.

ശ്രീ. എ. സി. ജോസ്: സർ, റൂൾ 63 സബ് റൂൾ (3)-ൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്:

If leave is granted under sub-rule (2), the Speaker may, after considering the state of business in the Assembly allot a day or days for discussion of the motion. ഇന്നിവിടെ ഫൈനാൻസ് ബിസിനസ് നടക്കുകയാണ്. ആ ബിസിനസ്സുകൂടി കൺസിഡർ ചെയ്തിട്ട് അന്നുതന്നെ ഇത് അവതരിപ്പിക്കണമെന്ന് ഒരു നിയമത്തിലും പറയുന്നില്ല. after considering the state of business in the Assembly എന്നേ പറയുന്നുള്ളൂ.

ശ്രീ. ബേബിജോൺ: സർ, നിയമത്തിൽ എഴുതിവെച്ചിരിക്കുന്ന പ്രസ്താവനകളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഇതിൽ ഔചിത്യത്തിന്റെ പ്രശ്നമുണ്ട്; നിയമം മാത്രമല്ല. ഒരു മന്ത്രിസഭയുടെ നേർക്ക് അവിശ്വാസ പ്രമേയത്തിനു നോട്ടീസ് കൊടുക്കുകയും സഭയിൽ അതിന് ലീവ് അനുവദിച്ചു കൊടുക്കുകയും ചെയ്താൽ പിന്നെ പാർലിമെന്ററി ഡമോക്രസിയിൽ നമ്മൾ ഉണ്ടാക്കേണ്ട കീഴ്വഴക്കങ്ങളുണ്ട്. ഔചിത്യത്തിന്റെ പ്രശ്നമുണ്ട്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ചിട്ട് ഈ അവിശ്വാസപ്രമേയം ചർച്ച ചെയ്യേണ്ടതാണ്. അതാണ് യഥാർത്ഥത്തിൽ ജനാധിപത്യത്തെ പ്രോൽസാഹിപ്പിക്കണമെന്നു കരുതുന്നവർ ചെയ്യേണ്ട നടപടി. അല്ലാതെ നിയമം ദുർവ്യാഖ്യാനം ചെയ്ത് അതിന്റെ തലനാരിഴ കീറുകയല്ല ചെയ്യേണ്ടത്. അതുകൊണ്ട് ഔചിത്യവും ജനാധിപത്യവും മനസ്സിൽ കണ്ടുകൊണ്ട് ഇത് ചർച്ചചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, നമ്മൾ അനുകരിക്കുന്ന മാതൃസഭ ഇംഗ്ലണ്ടിന്റെ കോമൺസ് സഭയാണ്. ഇംഗ്ലണ്ടിലെ കോമൺസ്സഭയെ മദർ ഓഫ് പാർലമെന്റ് എന്നെല്ലാം വിശേഷിപ്പിക്കാറുണ്ട്. കോമൺസ് സഭയിലെ സാധാരണ നടത്തിപ്പ് അവിശ്വാസ പ്രമേയം വന്നാൽ അത് എടുത്തിട്ടേ മറ്റു കാര്യങ്ങളിലേക്ക് പ്രവേശിക്കുകയുള്ളൂ. ആ നടപടിക്രമം രണ്ടാം ലോക മഹായുദ്ധകാലത്തുപോലും അവർ പാലിക്കുകയുണ്ടായി. വളരെ പ്രധാനപ്പെട്ട സംഗതികൾ കോമൺസ് സഭ ചർച്ച ചെയ്യാനിരിക്കുമ്പോൾ പ്രിൻസ് ഓഫ് വെയിൽസ് ആൻഡ് റിപ്പൽസ്, സിംഗപ്പൂർ, കടലിൽവെച്ച് താഴ്ത്തപ്പെട്ടപ്പോൾ കൊണ്ടുവന്ന അവിശ്വാസ

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയത്തിന് മുൻഗണന കൊടുത്ത് ആ അവിശ്വാസപ്രമേയം കഴിഞ്ഞിട്ടേ മറ്റു കാര്യങ്ങം എടുത്തുള്ളു. അങ്ങേക്ക് പരമാധികാരമുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങയുടെ പരമാധികാരത്തിൽ അങ്ങ് സാധാരണഗതിയിൽ ഗവർമെൻറിൻെറ കൺവീനിയൻസ് നോക്കിയിട്ട് ചെയ്യുമെന്നുള്ള കാര്യത്തിലും സംശയമില്ല. പക്ഷേ അതേ സമയത്തുതന്നെ, എനിക്ക് അങ്ങയോടും ഗവൺമെൻറിനോടും പറയാനുള്ളത്, ഇത് അടിയന്തിരമായി എടുത്തു തീർക്കുകയെന്നുള്ളതാണ് ഭൂഷണമെന്നാണ്; ഇത് തീർത്തശേഷം മറ്റുള്ള ഗവൺമെൻറ് ബിസിനസ്സിലേക്ക് പോകാം.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനു മുമ്പ് ഒരു ആർഗുമെൻറ് കൂടി പറയുവാനുണ്ട്. ശങ്കർ ആൻറ് കൗളിൻെറ മറെറാരു ആർഗുമെൻറുണ്ട്. സബ്സ്റാൻറീവ് മോഷനെന്നു പറഞ്ഞാൽ അതിനൊരു ഡെഫനിഷനുണ്ട്. അതുകൂടി നമ്മം മനസ്സിലാക്കണം. ഡേറ് നീട്ടിവെക്കുകയല്ല പ്രശ്നം. ഒരു സബ്സ്റാൻറീവ് മോഷൻ മൂവ് ചെയ്തുകഴിഞ്ഞാൽ മറെറാരു മോഷൻ വരാൻ പാടില്ല. അതാണ് പോയിൻറ്. ആ പോയിൻറാണ് ഞാൻ പറയുന്നത്. A Substantive motion is a self-contained independent proposal submitted for the approval of the House and drafted in such a way as to be capable of expressing a decision of the House. Motions for election of the Speaker and the Deputy Speaker, motion of thanks on the President's address, motion for adjournment on a matter of public importance, resolutions, motions for raising discussion on a matter of general public interest, motion of no-confidence in the Council of Ministers, resolutions for removel of the Speaker/Deputy Speaker, and motion declaring the seat of a member vacant where leave of absence is not agreed to by the House, are examples of the substantive motions moved in Lok Sabha''. ഇതാണ് ശങ്കർ ആൻറ് കൗം സബ്സ്റാൻറീവ് മോഷനു എങ്സാമ്പിളായി പറയുന്നത്. ഇവിടെ നോ കോൺഫിഡൻസാണ്. അപ്പോഴം അത് ഡിസ്പോസ് ചെയ്തിട്ടേ മറ്റുള്ള കാര്യങ്ങം എടുക്കാൻ പാടുള്ളു. ഇതാണ് മോഷൻെറ ഡെഫനിഷൻ. ഇത് നിങ്ങം അംഗീകരിക്കാൻ തയ്യാറുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ ഡേറ് നീട്ടുന്നതല്ല പ്രശ്നം. ഞാൻ ഇവിടെ മോഷൻ മൂവ് ചെയ്തു. ഇനി അത് ഡിസ്പോസ് ചെയ്യണം. അത് ഡിസ്പോസ് ചെയ്തിട്ടേ മറ്റുള്ള കാര്യങ്ങം അവതരിപ്പിക്കാൻ പാടുള്ളു. അതാണ് പോയിൻറ്.

മി. സ്പീക്കർ: ഇവിടെ ഇതിനെ സംബന്ധിച്ച് ഫർതർ ഡിസ്ക്ഷനില്ല. ഏതായാലും പ്രത്യേക പരിഗണന എന്നനിലയിൽ ശ്രീ. വർക്കല രാധാകൃഷ്ണനു സമയം കൊടുക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, നമ്മുടെ നിയമസഭാ ചട്ടത്തിൽ റൂം 63 (1) എ—യിൽ പറയുന്നത് ചോദ്യോത്തര സമയം കഴിഞ്ഞാൽ എന്തെല്ലാം നടപടികളുണ്ടെങ്കിലും അവിശ്വാസ പ്രമേയത്തിനു മുൻഗണന കൊടുക്കണമെന്നാണ്. ഇതിൻെറ ഇൻറൻഷൻ എന്താണെന്നു ചോദിച്ചാൽ, ഒരു നോ കോൺഫിഡൻസ് മോഷനു എല്ലാ ബിസിനസ്സിനേക്കാം മുമ്പേ പ്രിഫറൻസ് കിട്ടണം. നമ്മം ഒരു ജനാധിപത്യ കീഴ്വഴക്കം സൃഷ്ടിക്കണം. ഇവിടെ ഒരു ബഡ്ജറ് ഡിസ്ക്ഷൻ നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് ഡിസ്ക്കഷനിടയിൽ ഇൻറർമീഡിയറിയായി വരുന്ന നോ കോൺഫിഡൻസ് മോഷൻ – (നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഇതൊരു മോഷ നല്ലായെന്നുപറഞ്ഞത് വിവരക്കുറവുകൊണ്ടാണ്)—ഇവിടെ ഒരു മോഷ നുണ്ട്, ആ മോഷനാണ് അങ്ങ് വായിച്ചത്. That is the substantive motion. ആ മോഷൻ ഇവിടെ പരിഗണനയിലിരിക്കുന്നു. അതിന് ലീവ് ഗ്രാൻറ് ചെയ്തു കഴിഞ്ഞു. ആ പരിതഃസ്ഥിതിയിൽ ജനാധിപത്യ മര്യാദ അനുസരിച്ച് ഒരു ഗവൺമെൻറിനും ഇത് മാറിനിവെക്കണമെന്നു പറയുന്നത് ഭൂഷണമല്ല. ഒരു നയാപൈസ പോലും വോട്ടുചെയ്യാൻ ഈ ഗവൺമെൻറിന് ഇപ്പോൾ അധികാരമില്ല. There is a cloud against the Government. When that cloud is not removed.....we will have to take up this discussion immediately.

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പല പ്രധാന പോയിൻറുകളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിനെ ക്കുറിച്ച് ബഹുമാനപ്പെട്ട സഭാ നേതാവിന് എന്താണ് പറയാനുള്ളത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നിയമപ്രശ്നമായ വശത്തെ ക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത് ശങ്കർ ആൻറ് കൗളിനെ ഉദ്ധരിച്ചുകൊണ്ടാണ്. പാർലമെൻറിൻെറ നട പടിക്രമങ്ങളും ഈ സഭയുടെ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും നോക്കി യാൽ ബഡ്ജറ്റ് പാസാക്കിയെടുക്കേണ്ടത് ഈ സ്റേറററിൻെറ ആവശ്യ മാണ്. ബഡ്ജറ്റ് പാസ്സാക്കിയെടുക്കാനുള്ള നടപടിക്രമങ്ങളെ തട സ്സപ്പെടുത്തുന്ന ഒരു നടപടിയും ഈ സംസ്ഥാനത്തിൻെറ താല്പര്യ ങ്ങളെ മുൻനിർത്തി നമുക്ക് ചെയ്യാൻ നിവൃത്തിയില്ല. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചു കഴിഞ്ഞാൽ ഓരോ ഡിമാൻറും മൂവ് ചെയ്യുന്നത് ഡിസ് ക്കസ് ചെയ്യാൻ വേണ്ടി മാത്രമാണ്. നേരെ മറിച്ച് ബഡ്ജറ്റ് അവതര ണത്തോടെ മോഷൻ ഈ സഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു, ബഡ്ജറ്റ് പാസ്സാക്കിക്കഴിയുന്നതുവരെ ആ ബഡ്ജറ്റ് സഭയുടെ ചർച്ചയിൽ ഇരി ക്കയാണ്. ഓരോ മന്ത്രിയും ഓരോ ദിവസം ഓരോ ഡിമാൻറിനെക്കുറിച്ച് ചർച്ച ചെയ്യാനുള്ള അവസരം നൽകുകയാണ്. നമ്മുടെ റൂൾസ് ഓഫ് പ്രൊസിഡ്യൂറിൽ തന്നെ പറയുന്നത് റസല്യൂഷൻ മൂവ് ചെയ്യാനാണ്. നേരെ മറിച്ച് കട്ട് മോഷൻ എന്താണെന്ന് ശങ്കർ ആൻറ് കൗൾ തന്നെ പറയുന്നുണ്ട്. ഈ കട്ട് മോഷൻ ഗവൺമെൻറിനെ സെൻഷർ ചെയ്യുകയാണ്. എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. ബേബിജോൺ, ചർച്ച നീട്ടി ക്കൊണ്ടുപോകുന്നത് ഭൂഷണമല്ല, കീഴ്വഴക്കമല്ല എന്നുപറഞ്ഞു. ഗവൺ മെൻറിനെ സംബന്ധിച്ചിടത്തോളം ആ അഭിപ്രായമല്ല ഉള്ളത്. അദ്ദേഹം പറയുന്നത്, ഇത് ചർച്ചയ്ക്കെടുക്കണം, ഒന്നിൽ കൂടുതൽ ദിവസം ചർച്ച ചെയ്യണം, എന്നിട്ട് വോട്ടിനിടണമെന്നാണ്. ഗവൺമെൻറിൽനിന്ന് ഇന്നു തന്നെ തീരുമാനമുണ്ടാകണം. ആ തീരുമാനമുണ്ടാക്കാൻ ഡിമാൻറിൻ മേലുള്ള കട്ട് മോഷനാണ് പ്രതിപക്ഷത്തിനുള്ള അവസരം. അതുകൊണ്ട് ഇന്നുതന്നെ കട്ട് മോഷനെക്കുറിച്ച് വിധിയെഴുതുമ്പോൾ ഈ ഗവൺമെൻറി നോടുള്ള സമീപനമെന്താണെന്ന് വ്യക്തമാകും. ഇതിനു പുറമെ പ്രത്യേ കമായി ഇതിനെക്കുറിച്ച് തീരുമാനിക്കുന്നതിനുമുമ്പ് ആലോചിക്കേണ്ട ഒരു കാര്യം, ഈ പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞാൽ അന്നുതന്നെ ചർച്ച യ്ക്കെടുക്കണമെന്ന നിഗമനത്തിലെത്തിച്ചേർന്നാൽ ഭാവിയിലുണ്ടാകാവുന്ന വിഷ്യത്തുകളും നമ്മൾ കണക്കിലെടുക്കണം. അപ്പോഴും നിയമത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളതിന് സംശയം വന്നാൽ കീഴ്വഴക്കങ്ങളെയാണ് നാം

LIBRARY ARCHIVES Kerala Legislative Assembly

ആശ്രയിക്കുന്നത്. അങ്ങനെ ആശ്രയിക്കേണ്ടിവരുന്ന ഘട്ടം വന്നാൽ, ഭാഗ്യവശാൽ ഈ സഭയിലാകട്ടെ, പാർലമെന്ററിലാകട്ടെ ബഡ്ജറ്റ് ഡിമാൻറുമായി മുന്നോട്ടു പോകാനുള്ള ഗവൺമെൻറിൻെറ ശ്രമത്തെ ഒരു നോ കോൺഫിഡൻസുകൊണ്ട് തടഞ്ഞതായി പ്രീസിഡൻസ് ഇല്ല. ഉദാഹരണമായി 'ഇന്ന്' എന്നതിനുപകരം 30-ാം തിയ്യതിയോ 31-ാം തിയ്യതിയോ എടുക്കാം. അന്ന് അപ്രോപ്രിയേഷൻ ബിൽ ചർച്ചയാണ്. അപ്രോപ്രിയേഷൻ ബിൽ 31-ാം തിയ്യതി പാസ്സായാൽ മതി. അന്നേ ദിവസം ഒരു അവിശ്വാസ പ്രമേയത്തിന് നോട്ടീസ് കൊടുത്ത് 20 അംഗങ്ങൾ എഴുന്നേറ്റു നിന്നാൽ ഈ ഗവൺമെൻറിൻെറ പ്രവർത്തനം അതോടുകൂടി തീർന്നു. പിന്നെ ഡിമാൻറ് റെയ്സ് ചെയ്യാൻ നിവൃത്തിയില്ല. അങ്ങനെ ഒരു തെറ്റായ കീഴ്വഴക്കത്തിന് ഈ സഭ ഒരിക്കലും പങ്കാവരുതെന്ന് നിർബന്ധമുണ്ട്. അതുകൊണ്ട് ഈ അവിശ്വാസപ്രമേയം ഡിമാൻറ്സ് കഴിഞ്ഞ് ആദ്യത്തെ നിമിഷത്തിൽത്തന്നെ അങ്ങ് നിശ്ചയിക്കുന്ന ദിവസം ചർച്ചയ്ക്ക് എടുക്കാൻ യാതൊരു വിധത്തിലുള്ള വിരോധവുമില്ല. നിയമത്തിൽ വ്യക്തമായിത്തന്നെ ഈ കാര്യം പറയുന്നുണ്ട്. അതേ അവസരത്തിൽ ശക്ധർ ആൻറ് കൗളിനെത്തന്നെ അദ്ദേഹം ഉദ്ധരിക്കുകയാണെങ്കിൽ വേറൊരു വൈഷമ്യം അദ്ദേഹത്തിന് നേരിടേണ്ടിവരും. സബ്സ്റ്റാൻറീവ് മോഷനെന്ന് ശക്ധർ ആൻറ് കൗൾ പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ബഡ്ജറ്റ് എന്ന മോഷൻ ഈ സഭയുടെ മുമ്പാകെ ഉള്ളപ്പോൾ വേറൊരു മോഷൻ അവതരിപ്പിക്കാൻ പാടില്ലെന്ന വാദഗതിയിലേക്ക് വരും. അതിലേക്ക് ഞാൻ കടക്കുന്നില്ല. ഏതായാലും ഇത് വളരെ വ്യക്തമായിത്തന്നെ നിയമത്തിൽ അനുശാസിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സഭാ നടപടികൾ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. എന്നു മാത്രമല്ല ശക്ധർ ആൻറ് കൗളിനെത്തന്നെ ഉദ്ധരിക്കാം. ഫൈനാൻഷ്യൽ ബിസിനസ് ട്രാൻസാക്ട് ചെയ്യുന്നതിന് ഈ സഭയ്ക്കുള്ള ബാദ്ധ്യതയും ഗവൺമെൻറിൻെറ നടപടികൾ പാസ്സാക്കുന്നതിന് അങ്ങയുടെ ബാദ്ധ്യതയും ഒക്കെ എടുത്തുപറഞ്ഞിട്ടുള്ളതാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അങ്ങ് ഒരു തീരുമാനമെടുക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ ഉയർന്നുവന്ന പ്രശ്നത്തെ സംബന്ധിച്ച് വളരെയധികം വെളിച്ചം വീശുന്ന പോയിൻറ്സ് റെയിസ് ചെയ്യുകയുണ്ടായി. നമ്മുടെ മുന്നിൽ ഉള്ളത്, മുഖ്യമായിട്ടും ഇതുസംബന്ധിച്ച ഒരു തീരുമാനം എടുക്കുമ്പോൾ ഈ സഭയുടെതന്നെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ, ഈ സഭയിലെ കീഴ്വഴക്കങ്ങൾ, ലോകസഭയിലെ കീഴ്വഴക്കങ്ങൾ ഇതിനെയെല്ലാം ആശ്രയിച്ചുള്ള കാര്യങ്ങളാണ്. ഇതിനുപുറമേ സ്പീക്കറുടെ സ്റ്റാറ്റിസ്ഫാക്ഷൻ, സ്പീക്കറുടെ പൊതുവായിട്ടുള്ള ഔചിത്യപൂർവ്വമായ തീരുമാനം, ഇതെല്ലാം ഇതിൻെറ ഘടകങ്ങളാണ്. നമ്മുടെ നിയമസഭാനടപടിചട്ടങ്ങളിൽ വളരെ ക്ലിയറായിട്ട് ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നേരത്തെ ശ്രീ. എം. എം. ഹസ്സൻ വായിച്ചത് അതാണ്.

Rule 63 (2), "If the Speaker is of opinion that the motion is in order, he shall read the motion to the Assembly and shall request those members who are in favour of leave being granted to rise in their places, and if not less than twenty members rise accordingly, the Speaker shall declare that leave is granted, and

LIBRARY ARCHIVES Kerala Legislative Assembly

that the motion will be taken on such day, not being more than ten days from the date on which the leave is asked for, as he may appoint. If less than twenty members rise, the Speaker shall inform the member that he has not the leave of the Assembly.

(3) If leave is granted under sub-rule (2), the Speaker may, after considering the State of business in the Assembly, allot a day or days for the discussion of the motion.

(4) The Speaker shall at the appointed hour on the allotted day or as the case may be, the last of the allotted days forthwith put every question necessary to determine the decision of the Assembly on the motion.

ഇത് വളരെ ക്ലിയറാണ്. ഇതുപ്രകാരം ഈ മോഷന് സഭയുടെ അനുമതി കിട്ടിക്കഴിഞ്ഞാൽ പത്തുദിവസത്തിനകം ചർച്ചയ്ക്ക് എടുക്കുക, അത് വളരെ ക്ലിയറായിട്ട് പറഞ്ഞിട്ടുള്ള പോർഷനാണ്. അതുസംബന്ധിച്ച് യാതൊരു തർക്കത്തിന്റെയും കാര്യമില്ല. റൂൾ വളരെ ക്ലിയറാണ്. രണ്ടാമത് വരുന്ന പ്രശ്നം Rule 63 (3), "If leave is granted under sub-rule (2), the Speaker may, after considering the state of business in the Assembly, allot a day for the discussion of the motion".

ഇപ്പോഴും നമ്മൾ ധനകാര്യത്തെക്കുറിച്ചുള്ള ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്: വരുന്ന 29-ാം തീയതിയോടുകൂടി ഈ ചർച്ച തീർക്കേണ്ടതായിട്ടുണ്ട്. കാരണം നമ്മുടെ Provisional Collection of Taxes Act അനുസരിച്ച് 120 ദിവസത്തെ അനുമതിയാണ് നികുതി പിരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിനുള്ളത്. അപ്പോൾ 29-ാം തീയതിക്കകംതന്നെ ഇത് തീരുമാനിക്കേണ്ടതായിട്ടുണ്ട്. അതിനിടയിൽ ഫിനാൻഷ്യൽ ബിസിനസ് അപ്സെറാക്കുന്നത് ഉചിതമായിരിക്കുകയില്ല എന്നുള്ളതാണ് ചെയറിന്റെ അഭിപ്രായം. മറെറാന്ന് ഈ സഭയുടെതന്നെ കീഴ്വഴക്കങ്ങൾ വച്ചുനോക്കുമ്പോൾ ഇതിന് ഒരിക്കൽ അനുമതി തേടിക്കഴിഞ്ഞാൽ അന്നുതന്നെ എടുക്കാത്തതായിട്ടുള്ള കീഴ്വഴക്കങ്ങളും ഉണ്ട്. 1963 സെപ്റ്റംബർ 11-ന് ശ്രീ. ആർ. ശങ്കർ ഗവൺമെന്റിന് എതിരായി ബഹുമാനപ്പെട്ട ശ്രീ. സി. അച്യുതമേനോന്റെ അവിശ്വാസപ്രമേയത്തിന് അവതരണാനുമതി കിട്ടി. പക്ഷേ, 1963 സെപ്റ്റംബർ 11-ന് അവതരണാനുമതി കിട്ടിയതുസംബന്ധിച്ച് പിന്നീട് സ്പീക്കർ ടൈം നിശ്ചയിച്ച് 19-ാം തീയതിയായിട്ടാണ് കാണുന്നത്. അതിനിടയിൽ ധനകാര്യം സഭ ചർച്ച ചെയ്തുപാസ്സാക്കിയതായ വളരെ ക്ലിയറായിട്ടുള്ള ഒരു പ്രീസിഡന്റ്, ഈ സഭയെസംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. മറെറാന്ന്, പാർലമെന്റിൽ അവിശ്വാസപ്രമേയം വന്നതിനുശേഷം അത് അപ്പോൾ ചർച്ചചെയ്യാതെ റെയിൽവേ ബഡ്ജറ്റിന്റെ ജനറൽ ഡിസ്ക്കഷൻ കഴിഞ്ഞ് അതിന്റെ അപ്രോപ്രിയേഷൻ ബില്ലുകൂടി പാസ്സാക്കിക്കഴിഞ്ഞതിനുശേഷമാണ് എടുത്തതായിട്ട് കാണുന്നത്. അന്നുതന്നെ ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സഭയുടെ മുമ്പാകെയുള്ള ബിസിനസ് തീർക്കുന്നതിനെ സംബന്ധിച്ച് ആ കാലങ്ങളിലെ സ്പീക്കർമാർ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് കീഴ്വഴക്കങ്ങൾ അനുസരിച്ച് തന്നെയും അന്നുതന്നെ എടുക്കണമെന്ന് നിർബന്ധിക്കാൻ കഴിയുകയില്ല. മറെറാരു പ്രധാന കാര്യം,

LIBRARY ARCHIVES Kerala Legislative Assembly

ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സഭാനേതാവ് ഇവിടെ അഭിപ്രായം പറയുകയുണ്ടായി. പത്തുദിവസത്തിനകം എടുക്കുക എന്നല്ലാതെ അന്നുതന്നെ എടുക്കണമെന്ന് നിർബന്ധിക്കാൻ കഴിയുകയില്ല എന്നുള്ളത് വളരെ ക്ലിയറായിട്ടുള്ള കാര്യമാണ്. ഇതുസംബന്ധിച്ച ചർച്ച വരുന്ന 30-ാം തീയതി ആരംഭിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സഭയെ അറിയിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

(1) മയ്യനാട്ടും പരിസരപ്രദേശങ്ങളിലും നടന്നിട്ടുള്ള കൊലപാതകങ്ങൾ

ശ്രീ. ആർ. എസ്. ഉണ്ണി: സർ, എന്റെ നിയോജകമണ്ഡലത്തിൽ പൊതുവിലും മയ്യനാട് പ്രദേശത്ത് പ്രത്യേകമായും കഴിഞ്ഞ മൂന്നു നാല് വർഷമായി ധാരാളം കൊലപാതകങ്ങൾ നടക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ കുണ്ടറ എന്ന പ്രദേശത്ത് മൂന്നുനാലു വർഷം മുമ്പ് റെയിൽവേ പാളത്തിൽ ഒരു കൊലപാതകം നടന്നു. കൊറങ്കര എന്നുപറയുന്ന സ്ഥലത്ത് റഷീദ് എന്നുപറയുന്ന ഒരു ചെറുപ്പക്കാരനും കൊലചെയ്യപ്പെട്ടു. ഏരൂർ എന്ന സ്ഥലത്ത് ഈ അടുത്തകാലത്ത് ഒരു വീട് തീവച്ചതിൽ രണ്ടുമൂന്നുകുട്ടികൾ കൊല ചെയ്യപ്പെട്ടു. ചെറിയേല എന്ന സ്ഥലത്ത് ഒരു വർഷത്തിനുമുമ്പ് ഒരാൾ കൊല്ലപ്പെട്ടു. മയ്യനാട്ടും പരിസരപ്രദേശങ്ങളിലും, അത് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പാണ്; മാധവ്ജി എന്നുപറയുന്ന ഒരു സന്യാസിയെ അദ്ദേഹത്തെ ആശ്രമത്തിനകത്തു കയറി കൊലചെയ്തു. മയ്യനാട് താന്നി കടത്തുകടവിൽ കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് മണി എന്നുപറയുന്ന ഒരാളെ കൊന്ന് കായലിലെ ചേറിനകത്ത് ചവിട്ടിത്താഴ്ത്തിവച്ചിരുന്നു. മയ്യനാട് റെയിൽവേ സ്റ്റേഷൻ പരിസരത്ത് രാമചന്ദ്രൻ എന്ന ഒരാൾ കൊലചെയ്യപ്പെടുകയുണ്ടായി. ഈ അടുത്ത ദിവസങ്ങളിൽ, ഏതാനും നാളുകളേ ആയിട്ടുള്ളു, മയ്യനാട് ജംഗ്ഷനു സമീപം രാമചന്ദ്രവിലാസം എന്നു പറയുന്ന ഒരു വീട്ടിൽ സാവിത്രി എന്ന മദ്ധ്യവയസ്കയായ ഒരു സ്ത്രീയെ അവരുടെ വീട് തല്ലിപ്പൊളിച്ച് അകത്തുകയറി കൊന്നു. ഇതൊന്നും തെളിയിക്കപ്പെട്ടിട്ടില്ല. ഇതിനെപ്പറ്റിയൊക്കെ നിവേദനങ്ങൾ നടത്തിയിട്ടുണ്ട്; പരാതികൾ ഉണ്ടായിട്ടുണ്ട്; ബഹുജനങ്ങളുടെ ഈ കാര്യത്തിലുള്ള ഉൽക്കണ്ഠയുമൊക്കെ അവർ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സഭയിൽ തന്നെ ഇതിൽ പല കാര്യങ്ങളും ഞാൻ തന്നെ ഉന്നയിച്ചിട്ടുള്ളതാണ്. ഇതിൽ ജനങ്ങൾ മനസ്സിലാക്കുന്നത്, കേസ്സുകളൊക്കെ അന്വേഷിച്ച് ഒരു പരിധിയെത്തുമ്പോൾ ഇതിനകത്ത് രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകും എന്നാണ്. അന്വേഷണ ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ച് പ്രതികളെ സഹായിക്കാനുള്ള ശ്രമങ്ങൾ രാഷ്ട്രീയമായിട്ട് ഉണ്ടാവുക, മറ്റ് രീതിയിൽ ഉണ്ടാവുക. അതിന്റെ ഫലമായിട്ട് ഇതൊക്കെ തേഞ്ഞുമാഞ്ഞുപോവുകയും അന്വേഷണം അവതാളത്തിലാവുകയും പോലീസിന്റെ ഭാഗത്തുനിന്ന് അനാസ്ഥ ഉണ്ടാവുകയും ചെയ്തതിന്റെ ഫലമായിട്ടാണ് പ്രതികളെ പിടിക്കാത്തത്. മയ്യനാട് എന്നുപറയുന്ന

LIBRARY ARCHIVES Kerala Legislative Assembly